പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4276 — 03.02.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത അധിവാസ കേന്ദ്ര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സ്വയംപര്യാപ്ത അധിവാസ കേന്ദ്ര പദ്ധതിയിലേയ്ക്ക് പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (എ) | 'കില'യുടെ 2009-10 സാമ്പത്തിക വർഷത്തെ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. പ്രസ്തുത പദ്ധതിയിലേയ്ക്ക് കോളനികളെ നിർദ്ദേശിക്കുന്നത് ബന്ധപ്പെട്ട എം. എൽ. എ. മാരാണ്. |
| (ബി) | ഈ പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; | (ബി) | കോളനിയുടെ സമഗ്രവികസനം ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു; ഗതാഗതസൗകര്യം, കുടിവെള്ളം, വൈദ്യുതീകരണം, വീട് പുനരുദ്ധാരണം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. |
| (സി) | മൊത്തം എത്ര സങ്കേതങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | കില'യുടെ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 436 പട്ടികജാതി കോളനികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളത്. അവയുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:- |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 62 |
| 2 | കൊല്ലം | 48 |
| 3 | പത്തനംതിട്ട | 22 |
| 4 | ആലപ്പുഴ | 21 |

| | | |
|---|---|---|
| 5 | കോട്ടയം | 23 |
| 6 | ഇടുക്കി | 43 |
| 7 | എറണാകുളം | 37 |
| 8 | തൃശ്ശൂർ | 67 |
| 9 | പാലക്കാട് | 46 |
| 10 | മലപ്പുറം | 27 |
| 11 | കോഴിക്കോട് | 17 |
| 12 | വയനാട് | 04 |
| 13 | കണ്ണൂർ | 09 |
| 14 | കാസർഗോഡ് | 10 |
| | **ആകെ** | **436** |

| | | | |
|---|---|---|---|
| (ഡി) | എത്ര പട്ടികജാതി സങ്കേതങ്ങളെയാണ് ഈ വർഷം സ്വയംപര്യാപ്ത അധിവാസ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ഡി) | 2013-14 സാമ്പത്തിക വർഷം 100 കോളനികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഇ) | എല്ലാ സങ്കേതങ്ങളിലും ഈ പദ്ധതി നടപ്പാക്കാൻ എത്ര വർഷം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത പദ്ധതി, മാനദണ്ഡപ്രകാരം തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ, ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ